# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :906 11.07.2016 ൽ മറുപടിയ്ക്ക്

## ഭൂരഹിത കേരളം പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.സി. ദിവാകരൻ**<br>**ശ്രീമതി ഗീതാ ഗോപി**<br>**ശ്രീ.ഇ.കെ.വിജയൻ**<br>**ശ്രീ. മുഹമ്മദ്മുഹസിൻ. പി** | **ശ്രീ.ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂ ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** |

| | | |
| --- | --- | --- |
| (എ) | സംസ്ഥാനത്ത് ഭൂരഹിത കേരളം പദ്ധതി ആരംഭിച്ചതെന്നാണെന്ന് വ്യക്തമാക്കുമോ ; | 2012-13 സാമ്പത്തിക വർഷം പദ്ധതി നടപടികൾ ആരംഭിച്ചു. |
| (ബി) | സംസ്ഥാനത്ത് ഭൂരഹിതരായ എത്ര പേരുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളതെന്നും ഇതിൽ ഭൂമി ലഭിക്കുന്നതിനു വേണ്ടി നൽകിയ അപേക്ഷകൾ എത്രയാണെന്നും ഈ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ ; | സംസ്ഥാനത്തെ ഭൂരഹിതരായ വ്യക്തികളുടെ കണക്കെടുപ്പ് നടത്തിയിട്ടില്ല. എന്നാൽ ഭൂമി ലഭിക്കുന്നതിനു സമർപ്പിച്ചിരുന്ന 2,91,998 അപേക്ഷകളിൽ നിന്ന് ഭൂരഹിത കേരളം പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം 2,44,124 ഭൂരഹിത കുടുംബങ്ങളെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നു. ഇവയിൽ അഗതികൾ, മാരകരോഗം ബാധിച്ചവർ, അംഗവൈകല്യം സംഭവിച്ചവർ, വിധവകൾ തുടങ്ങിയവർക്ക് മുൻഗണന ലഭിക്കത്തക്ക രീതിയിൽ വില്ലേജ് തല ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭൂമി ലഭ്യമാകുന്നതനുസരിച്ച് ലിസ്റ്റിലെ മുൻഗണനാടിസ്ഥാനത്തിൽ പദ്ധതിയുടെ ആനുകൂല്യം നൽകിവരുന്നു. |
| (സി) | പ്രസ്തുത പദ്ധതി ആരംഭിച്ചതിനു ശേഷം എത്ര പേർക്കാണ് ഭൂമി നൽകിയിട്ടുള്ളത്; നൽകിയ ഭൂമി വാസയോഗ്യമല്ലാത്തതിനാൽ ഭൂമി ലഭിച്ചവർ അതുപേക്ഷിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | പദ്ധതി പ്രകാരം 58,398 കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്. ഇതിൽ 29,875 കുടുംബങ്ങൾക്ക് ഭൂമി നൽകിയിട്ടുണ്ട്. ഭൂമി കൈമാറുന്ന പ്രവർത്തനം ജില്ലകളിൽ നടന്നു വരുന്നു. നൽകിയിട്ടുള്ള ഭൂമികളിൽ വാസയോഗ്യമല്ലാത്തവ ഉൾപ്പെട്ടിട്ടുള്ളതായും അത് സ്വീകരിക്കാൻ തയ്യാറല്ലാത്തതുമായ കേസുകൾ ഉള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിഷയം പരിശോധിച്ച് വരുകയാണ്. |
| (ഡി) | സംസ്ഥാനത്ത് ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിക്കപ്പെട്ട ജില്ലകളേതെല്ലാമെന്ന് വ്യക്തമാക്കുമോ ? | കണ്ണൂർ, കാസർഗോഡ് ജില്ലകൾ. |

സെക്ഷൻ ഓഫീസർ